**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 304** **22-07-2021 - ൽ മറുപടിയ്ക്ക്**

**പൂവാർ, ബാലരാമപുരം സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പരിമിതമായ സൗകര്യത്തോടെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പൂവാർ, ബാലരാമപുരം സബ് രജിസ്ട്രാർ ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (എ) | (പൂവാർ സബ് രജിസ്ട്രാർ ഓഫീസ്) പൂവാർ സബ് രജിസ്ട്രാർ ഓഫീസിനായി സർക്കാർ വക സ്ഥലം കണ്ടെത്തുന്നതിനായി ഓഫീസിന്റെ അധികാരപരിധിയിലെ തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരികളുമായി ബന്ധപ്പെട്ട് അടിയന്തരമായി നടപടി സ്വീകരിക്കുന്നതിന് പൂവാർ സബ് രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. (ബാലരാമപുരം സബ് രജിസ്ട്രാർ ഓഫീസ്) ബാലരാമപുരം സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി 2.02 ആർ സ്ഥലം നൽകുവാൻ ബാലരാമപുരം പഞ്ചായത്ത് സന്നദ്ധത പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എൻജിനീയർ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണ്ണ് പരിശോധന തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ